"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ പറണ്ടോട്, പഞ്ചായത്ത് യു.പി.എസിലെ ജൂനിയർ ഹിന്ദി അദ്ധ്യാപിക ആയി വിരമിച്ച ശ്രീമതി.എം.വിജയലക്ഷ്മിയുടെ 15.07.1997 മുതൽ 31.05.1998 വരെ സേവനഭംഗം വന്ന കാലയളവ് നോൺ - ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.2438/2022/GEDN തീയതി,തിരുവനന്തപുരം, 16-04-2022

പരാമർശം:- 1. ശ്രീമതി.എം.വിജയലക്ഷ്മിയുടെ സേവനഭംഗം വന്ന കാലയളവ് ശൂന്യവേതനാവധി ആയി ക്രമീകരിക്കുന്നതിനായുള്ള അപേക്ഷ.

2. 06/06/2017 ലെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ എ(2)/26233/2016 നം. കത്ത്.

ഉത്തരവ്

ശ്രീമതി.എം.വിജയലക്ഷ്മിയുടെ സേവനഭംഗം വന്ന കാലയളവ് ശൂന്യവേതനാവധി ആയി ക്രമീകരിക്കുന്നതിനായുള്ള പരാമർശം 1 അപേക്ഷ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്തിരുന്നു.

2. ശ്രീമതി.എം.വിജയലക്ഷ്മി പറണ്ടോട്, പഞ്ചായത്ത് യു.പി.എസിൽ ജോലി ചെയ്തു വന്ന കാലയളവിൽ 15.07.1997 മുതൽ 31.05.1998 വരെ ഡിവിഷൻ കുറവു വന്നതു കാരണം തസ്തിക നഷ്ടപ്പെട്ട് സേവനത്തിൽ നിന്ന് പുറത്തായി. എന്നാൽ 31.03.1998 തീയതിയിൽ ശ്രീമതി. ബി.സരസമ്മ വിരമിച്ച ഒഴിവിൽ ടിയാളെ പ്രസ്തുത സ്കൂളിൽ 01.06.1998 തീയതി മുതൽ നിയമിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തു. 15.07.1997 മുതൽ 31.05.1998 വരെ സേവന ഭംഗം വന്ന കാലയളവ് ശൂന്യവേതനാവധി ആയി ക്രമീകരിക്കുവാനാണ് ടിയാൾ അപേക്ഷിച്ചിരിക്കുന്നത്.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. ഹർജിക്കാരി 31/05/2015- ന് റിട്ടയർ ചെയ്തു . GO(Ms) 401/2019/Fin. Dt. 28/10/2019 പ്രകാരം പരാമർശിത ബ്രോക്കൺ സർവ്വീസ് പെൻഷനു പരിഗണനാർഹമാണ് . പ്രൊട്ടക്ഷന് അർഹതയില്ലാത്ത ഹർജിക്കാരിയ്ക്ക് സേവനഭംഗ

കാലയളവിൽ ഒഫീഷിയേറ്റിങ്ങിന് ഒരു തസ്തിക ഇല്ലാതെ വരുന്ന സാഹചര്യത്തിൽ അവധി അനുവദിക്കാൻ നിർവ്വാഹമില്ല . എന്നാൽ ടി കാലയളവ് നോൺ- ഡ്യൂട്ടിയായി ക്രമവല്ക്കരിക്കാവുന്നതാണ്.

4. മേൽ വസ്തുതകൾ കണക്കിലെടുത്ത് 15.07.1997 മുതൽ 31.05.1998 വരെ ശ്രീമതി.എം.വിജയലക്ഷ്മിയുടെ സേവനഭംഗം വന്ന കാലയളവ് നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

വിദ്യാഭ്യാസ ഉപ ഡയറക്ടർ, തതിരുവനന്തപുരം.

ശ്രീമതി. എം. വിജയലക്ഷ്മി, , ജൂനിയർ ഹിന്ദി അദ്ധ്യാപിക, ഗവ. യു.പി.എസ്, പറണ്ടോട്

ഹെഡ്മിസ്ട്രസ്, ഗവ. യു.പി.എസ്, പറണ്ടോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 18-04-2022 11:42:03
സെക്ഷൻ ഓഫീസർ